**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 171** — **01-02-2023 - ൽ മറുപടിയ്ക്ക്**

**ചികിത്സ സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ചികിത്സ സഹായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (എ) | ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ചികിത്സ പരിരക്ഷ/ ചികിത്സാ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>1. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി (KASP)<br><br>സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ സാർവത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി 2019 ഏപ്രിൽ മാസം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിൽ ഉണ്ടായിരുന്ന RSBY, CHIS, CHIS Plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് (KASP) അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. 2018-19 കാലഘട്ടത്തിൽ RSBY, CHIS അംഗത്വം പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആകെ 42 ലക്ഷം കുടുംബങ്ങളാണ് ഗുണഭോക്താക്കളായി രജിസ്റ്റർ ചെയ്തിട്ടുള്ളത്.<br><br>കാരുണ്യ ആരോഗ്യ പദ്ധതിയുടെ അർഹരായ കുടുംബത്തിന് ഒരുവർഷം പരമാവധി 5 ലക്ഷം രൂപയുടെ ചികിൽസാ ആനുകൂല്യം ഈ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ പൊതു-സ്വകാര്യ ആശുപത്രികൾ വഴി ലഭിക്കുന്നതാണ്. സർക്കാർ-സ്വകാര്യ ആശുപത്രികൾ ഉൾപ്പടെ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം നിലവിൽ 761 ആണ്.<br><br>ചികിത്സാ ആനുകൂല്യങ്ങളിൽ കാസ്പ് പാക്കേജുകൾ അനുസരിച്ച് ദ്വിതീയ, തൃതീയ പരിചരണം, 26 സ്പെഷ്യാലിറ്റികളിൽ 1675 പാക്കേജുകൾ, എല്ലാ |

പാക്കേജുകളിലും ഹോസ്പിറ്റലൈസേഷൻ ചാർജുകൾ/ ഡേ കെയർ സിറ്റിംഗ് ചാർജുകൾ ഉൾപ്പെടുന്നു. 15 ദിവസത്തെ ഡിസ്ചാർജിനു ശേഷമുള്ള മരുന്നുകൾ ഉൾപ്പെടെ നൽകുന്നു.

<u>2. കാരുണ്യ ബെനവലന്റ് ഫണ്ട്</u>

നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത എന്നാൽ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള രോഗികൾക്ക് APL/BPL വ്യത്യാസമില്ലാതെ ചികിത്സാ സഹായം നൽകുന്ന പദ്ധതിയാണിത്. 2 ലക്ഷം രൂപയാണ് ഈ പദ്ധതി മുഖേന നൽകി വരുന്ന ചികിത്സാനുകൂല്യം. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെ ചികിത്സാനുകൂല്യം നൽകുന്നതാണ്.

3. <u>മെഡിസെപ്</u>

കേരളത്തിലെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ സുരക്ഷാ ഉറപ്പാക്കാനുള്ള സർക്കാരിന്റെ ഇൻഷുറൻസ് പദ്ധതി. ഈ പദ്ധതി പ്രകാരം ഒരു വർഷം പരമാവധി 3 ലക്ഷം രൂപയുടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

<u>4. മറ്റു പദ്ധതികൾ</u>

i) 18 വയസിൽ താഴെയുള്ള കുട്ടികൾക്കുള്ള പ്രത്യേക പദ്ധതികളായി ആരോഗ്യ കിരണം, RBSK, ഹൃദ്യം, താലോലം, ക്യാൻസർ സുരക്ഷാ സ്കീം, മിഠായി.

ii) ഹീമോഫീലിയ,സിക്കിൾ സെൽ അനീമിയ, തലസ്സീമിയ രോഗചികിത്സയ്ക്കായി ആശാധാര പദ്ധതി.

Iii) ഗർഭിണികൾക്കുള്ള ചികിത്സയ്ക്കായി JSSK, സുമൻ, മാതൃയാനം പദ്ധതികൾ.

iv) പട്ടികവർഗ്ഗക്കാർക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

v) അന്യ സംസ്ഥാന തൊഴിലാളികൾക്കായി ആവാസ് പദ്ധതി

സെക്ഷൻ ഓഫീസർ